## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 6486** **11.07.2012-ൽ മറുപടിക്ക്.**

### ആലപ്പുഴയിലെ ജനമൈത്രി പോലീസ് സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സുധാകരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്: ഇതിന്റെ ഫലമായി കുറ്റകൃത്യങ്ങൾ തടയാനോ കുറയ്ക്കുവാനോ കഴിഞ്ഞിട്ടുണ്ടോ; | : | (എ) ആലപ്പുഴ ജില്ലയിലെ ചേർത്തല, ആലപ്പുഴ ടൗൺ നോർത്ത്, പുളിങ്കുന്ന്, കായംകുളം, ഹരിപ്പാട്, കുത്തിയതോട്, മാവേലിക്കര, പുന്നപ്ര, മാരാരിക്കുളം, ചെങ്ങന്നൂർ എന്നീ പോലീസ് സ്റ്റേഷനുകളിലാണ് ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജനമൈത്രി ബീറ്റ് ഏരിയാകളിൽ കുറ്റകൃത്യങ്ങൾ ഉണ്ടാകുവാനുള്ള സാഹചര്യങ്ങളെയും, സാധ്യതകളെയും കുറിച്ച് പോലീസിനെ അറിയിക്കുവാൻ ജനം മുന്നോട്ടു വരുന്നുണ്ട്. ഇത് കുറ്റകൃത്യങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. പൊതുജനങ്ങളുമായി ചേർന്നുകൊണ്ട് നടത്തുന്ന രാത്രികാല പട്രോളിംഗിന്റെ ഫലമായി മോഷണം, വ്യാജമദ്യ നിർമ്മാണം മറ്റു സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ഒക്കെ, പഠനം നടത്തിയ രണ്ട് പ്രദേശങ്ങളിലും ഗണ്യമായ രീതിയിൽ കുറഞ്ഞുവരുന്നതായി കാണുന്നു. |
| (ബി) വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേകപരിഗണന നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | : | (ബി) വൃദ്ധജനങ്ങൾക്കും സ്ത്രീകൾക്കും കുട്ടികൾക്കും ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ പ്രത്യേകപരിഗണന നൽകുന്നുണ്ട്. |

(മറുപുറം)

(സി) ആലപ്പുഴ ജില്ലയിലെ കൂടുതൽ പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

: (സി) ആലപ്പുഴ ജില്ലയിലെ നെടുമുടി, സൗത്ത് പോലീസ് സ്റ്റേഷൻ, മണ്ണഞ്ചേരി എന്നീ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി സുരക്ഷാ പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ